യിൽ പെട്ടിട്ടുണ്ടോ, എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്? ആ സമരം തീരുന്നതുവരെ ടാർപോളിനോ പുതപ്പോ മറ്റ് എന്തെങ്കിലുമോ കൊടുത്ത് പ്രകൃതിക്ഷോഭത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സത്യാഗ്രഹ സംവിധാനം ഏർപ്പെടുത്തിക്കൊടുക്കുന്നത് ഗവൺമെൻറിന്റെ ചുമതലയല്ല.

## മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ

* 99. [100] ശ്രീ. എൻ. ശക്തൻ നാടാർ:
,, രാഘവൻ പൊഴക്കടവിൽ:
,, എ. സി. ജോസ്:
,, തോപ്പിൽ രവി:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മൽസ തൊഴിലാളികളുടെ മക്കൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; ഇനി എന്തെല്ലാം നൽകാൻ ഉദ്ദേശിക്കുന്നു;

(ബി) 1984-85, 1985-86 എന്നീ വർഷങ്ങളിലും 1986 ഒക്ടോബർ 10 വരെയും മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിയിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാം;

(സി) ലംപ്സം ഗ്രാൻറായി ഓരോ വർഷവും നൽകിയ സംഖ്യ എത്ര;

(ഡി) ഇതുമൂലം പ്രയോജനം കിട്ടിയ കുട്ടികളുടെ എണ്ണം എത്ര?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): (എ) യും (ബി) യും മെട്രിക്കുലേഷന് ശേഷമുള്ള കോഴ്സുകളിൽ പഠനം നടത്തുന്നവർക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ധനസഹായം 1983-84 വരെ തുടർന്ന് നൽകി. 1984-85 മുതൽ ഹരിജനക്ഷേമ വകുപ്പിൽ നിന്നും മറ്റ് അർഹതയുള്ള ജാതികളിൽപ്പെട്ട കുട്ടികൾക്ക് നൽകിവരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കും ലഭ്യമാക്കുകയുണ്ടായി. ഇതുപ്രകാരം ലംപ്സംഗ്രാൻറും സ്റ്റൈപ്പൻഡ്, പോക്കറ്റ്മണി, യഥാർത്ഥ ബോർഡിംഗ് ലോഡ്ജിംഗ് അലവൻസുകൾ, മെഡിക്കൽ അലവൻസ്, ടൂർ അലവൻസ് മുതലായ ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. കൂടാതെ ഫിഷറീസ് വില്ലേജുകളിലെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണവും കൊടുത്തുവരുന്നു. ഇതിൽ കൂടുതലായി ആനുകൂല്യങ്ങൾ നൽകാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) 1984-85-ൽ നാല്പത്തിമൂന്നുലക്ഷത്തി മുപ്പത്തി ഓരായിരം രൂപയും 1985-86-ലും 1986-87-ലും ഇതുവരെയും എഴുപതുലക്ഷം രൂപ വീതവുമാണ് മുകളിൽ പറഞ്ഞ ആനുകൂല്യങ്ങളായി നൽകിയ സംഖ്യ.

(ഡി) 1984-85-ൽ അറുപത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് വിദ്യാർത്ഥികൾക്കും 1985-86-ൽ ഒരു ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി അറുനൂറ്റി അൻപത്തിയാറ് വിദ്യാർത്ഥികൾക്കുമാണ് പ്രയോജനം ലഭിച്ചത്. (1986-87-ലെ കണക്ക് ലഭ്യമായിട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ നാടാർ : ഈ വർഷത്തെ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കൊടുത്തിട്ടുണ്ടോ ; കൊടുത്തില്ലെങ്കിൽ ഉടനെ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ശക്തൻ നാടാർ : വിദ്യാർത്ഥികളുടെ ഇന്നത്തെ വിദ്യാഭ്യാസ ചെലവും ജീവിതച്ചെലവും കണക്കിലെടുത്ത് ഇന്ന് നൽകുന്ന സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിക്കുന്നതിന് തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിന് ഉദ്ദേശമുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഉച്ചഭക്ഷണം, ലംപ്സംഗ്രാന്റ് പോക്കറ്റ്മണി തുടങ്ങിയ ഇനങ്ങളിൽ പുതിയ ആനുകൂല്യങ്ങൾ നൽകുന്നതിനു മുൻപ് സ്ക്കോളർഷിപ്പ് കൊടുത്തുകൊണ്ടിരുന്നപ്പോൾ സർക്കാരിനുണ്ടായ ബാദ്ധ്യതയെന്തായിരുന്നു, ഇപ്പോൾ എന്തു ബാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. എ. എൽ. ജേക്കബ് : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഉടനടി മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കുന്നുണ്ടോ ഇല്ലെങ്കിൽ അത് നടപ്പിലാക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : തൽക്കാലം ഇല്ല.

ശ്രീ. എ. വി. താമരാക്ഷൻ : പശ്ചിമബംഗാളിലും ആസാമിലും ഉള്ള മൽസ്യത്തൊഴിലാളികളെ മുഴുവൻ പട്ടികജാതിയിൽ ഉൾപ്പെടുത്തി അവർക്കുള്ള സഹായം നൽകുന്നതിന്റെ അടിസ്ഥാനത്തിലും കഴിഞ്ഞ മാസം തിരുവനന്തപുരത്തു കൂടിയ സെൻട്രൽ ഫിഷറീസ് അഡ്വൈസറീസ് ബോർഡ് തന്നെ ഇൻഡ്യയിൽ മുഴുവനുമുള്ള മൽസ്യത്തൊഴിലാളികളെ പട്ടികജാതിയിൽപ്പെടുത്തണം എന്ന ശുപാർശയുടെ അടിസ്ഥാനത്തിലും കേരള ഗവൺമെന്റു ഈ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ പട്ടികജാതിയിൽപ്പെടുത്തി അവർക്കുള്ള ആനുകൂല്യം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : മൽസ്യത്തൊഴിലാളികളെ അടർ ഏലിജിബിൾ കമ്മ്യൂണിറ്റിയിൽപ്പെടുത്തി അവർക്ക് ആനുകൂല്യം കൊടുക്കുന്നുവെന്ന് പറഞ്ഞു. അടർ ഏലിജിബിൾ കമ്മ്യൂണിറ്റി എന്ന് പറഞ്ഞത് മൽസ്യത്തൊഴിലാളികളായ മുഴുവൻ ആൾക്കാരെയും ഉൾക്കൊള്ളിച്ചിട്ടാണോ, അല്ലെങ്കിൽ അത് ബാധകം ആക്കിയ കമ്മ്യൂണിറ്റികൾ ഏതൊക്കെയാണ് ; അതല്ല, മൽസ്യത്തൊഴിലാളികളായി ജോലി ചെയ്യുന്ന എല്ലാ സമുദായത്തിൽപ്പെട്ട മൽസ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം നൽകുന്നുണ്ടോ ; അങ്ങനെ വ്യത്യസ്തമായി കാണാൻ വല്ല കാരണവും ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ എൽ. ജേക്കബ് : മൽസ്യത്തൊഴിലാളികൾ ഫോർവേഡ് കമ്മ്യൂണിറ്റിയിലൊന്നും ഇല്ല. തൊഴിലാളികളുടെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റിയുടെ അടിസ്ഥാനത്തിലും കൊടുക്കുന്നുണ്ട്. കമ്മ്യൂണിറ്റിയിൽപ്പെട്ട തൊഴിലാളികളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കുമാരൻ : മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നതുപോലെതന്നെ അവർ വിദ്യാഭ്യാസം ചെയ്യുന്ന സ്കൂളുകളുടെ അവസ്ഥയും ശോചനീയം ആണ്. മിക്കവാറും കാസർകോഡിന്റെ പല ഭാഗങ്ങളിലും മറ്റ് കടലോരപ്രദേശങ്ങളിലേയും മൽസ്യത്തൊഴിലാളികളുടെ കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്ന സ്കൂൾ കെട്ടിടങ്ങൾ പലതും ഓലകൊണ്ട് മറച്ചിട്ടുള്ള ഷെഡ്ഡുകളാണ്. ഇവ മാറി അവർക്ക് പുതിയ കെട്ടിടം ഉണ്ടാക്കി ഭയം കൂടാതെ വിദ്യ അഭ്യസിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഇത് സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ : മൽസ്യത്തൊഴിലാളികളെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിൽ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. കുടുംബികളെ ഉൾപ്പെടുത്തിയ കാര്യം നമുക്കറിയാം. ഇന്ന് മൽസ്യത്തൊഴിലാളികളെ പട്ടികജാതിയിൽ ഉൾപ്പെടുത്താതിരിക്കുവാൻ വേണ്ടി കോൺഗ്രസ് (ഐ) യുടെ തന്നെ മുൻമന്ത്രിയും വിമതനേതാവുമായ ശ്രീ. കൊച്ചുകുട്ടന്റെ നേതൃത്വത്തിൽ ശ്രമിക്കുന്നതിൽ ഈ ഗവൺമെന്റിന് പങ്കുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഈ ലിസ്റ്റ് ഇൻഡ്യാഗവൺമെന്റ് രേണഘടന ഭേദഗതി ചെയ്തുകൊണ്ട് ഉൾക്കൊള്ളിക്കുന്നതാണ്. അതുകൊണ്ടാണ് സംസ്ഥാനഗവൺമെന്റ് ഇവരെ ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ച് കേന്ദ്രഗവൺമെന്റിനെ അറിയിച്ചത്.

ശ്രീ. പന്തളം സുധാകരൻ : ഫിഷറീസ് കോളേജിൽ നിന്നും പാസാകുന്നവർക്ക് മൽസ്യഫെഡ് തുടങ്ങിയ മൽസ്യമേഖലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് മുൻഗണന നൽകുന്നുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : കാളിഫൈഡ് ആണെങ്കിൽ മുൻഗണന നൽകും.

ശ്രീ. ബേബിജോൺ : മൽസ്യത്തൊഴിലാളികളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. മൽസ്യത്തൊഴിലാളികളിൽ ഒരു വിഭാഗത്തെയാണോ അതോ മൽസ്യത്തൊഴിലാളികളെയെല്ലാം പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശമാണോ നൽകിയിട്ടുള്ളത് ; അതോ മൽസ്യത്തൊഴിലാളികളെ ജാതിയുടെ അടിസ്ഥാനത്തിൽ തിരിച്ച് ചില വിഭാഗത്തെ മാത്രം ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുപോലെ രേണഘടനാപരമായി ഒരു വിഭാഗത്തെയാണ് ധീവരസമുദായത്തിലെ മൽസ്യത്തൊഴിലാളികളെയാണ് ഇങ്ങനെ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly